# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5403** **26.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് ഫലപ്രദമായ മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | മത്സ്യങ്ങളിലെ ഫോർമാലിൻ, അമോണിയ എന്നീ രാസ വസ്തുക്കളുടെ സാന്നിധ്യം തിരിച്ചറിയുവാൻ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ 'സിഫ്റ്റ്' (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) കിറ്റുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 14/2/2018 ന് പാളയം മാർക്കറ്റിൽ വച്ച് നടത്തുകയുണ്ടായി. മീനിന്റെ ഉപരിതലത്തിൽ ഉരസിയ സ്ട്രിപ്പിൽ പ്രത്യേക ലായനി പുരട്ടുമ്പോൾ ഉണ്ടാകുന്ന നിറ വിത്യാസം നോക്കി മായം ചേർക്കൽ തിരിച്ചറിയുവാൻ സാധിക്കും. |
| ബി) ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് മത്സ്യങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് മത്സ്യബന്ധന വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ; | ബി) | എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും മത്സ്യത്തിൽ രാസ വസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ച് മത്സ്യക്കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാർക്കായി രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ വിപണനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഇപ്രകാരം മത്സ്യങ്ങളിൽ രാസവസ്തുക്കൾ കലർത്തി വില്പന നടത്തിയ സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | സി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കൾ ഉപയോഗിച്ച് മായം ചേർത്ത മത്സ്യം കണ്ടെത്താൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**